# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ :4813/11/12/2023/**

പരാതികക്ഷി : അനില.ഡി.വി,മരുതുംമൂട്
ചുള്ളിമാനൂർ,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 08.04.2025**

അയൽക്കാരനായ വിശാഖ്,അയ്യപ്പൻ നായർ എന്നിവർ അനധികൃതമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഇരുമ്പ് പൈപ്പുകൾ ഉപയോഗിച്ച് ജലം പരാതികക്ഷിയുടെ പുരയിടത്തിലേയ്ക്ക് ഒഴുക്കി വിടുന്നൂവെന്നും മറ്റുമാണ് പരാതി സംഗതി.

വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25.10.2024 തീയതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചും ഹർജികക്ഷിയെ കേട്ടും കമ്മീഷൻ 06.12.2014 തീയതി ഒരു ഉത്തരവ് പാസാക്കിയിരുന്നു പഞ്ചായത്ത് നൽകിയിട്ടുള്ള നോട്ടീസിലെ നടപടികൾ എതിർകക്ഷി പാലിച്ചു എന്ന് ഉറപ്പുവരുത്തേണ്ട ബാധ്യത പഞ്ചായത്തിനു ഉണ്ടെന്നും Kerala Panchayat Raj and Rules പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു പരാതിക്ക് ശാശ്വത പരിഹാരം കാണേണ്ടതാണെന്ന് മേൽ ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു

കമ്മീഷൻ പാസാക്കിയ 06.12.2024 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.01.2025 തീയതി Action Taken Report സമർപ്പിച്ചു. എതിർകക്ഷി നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ അസിസ്റ്റൻറ് എൻജിനീയറിങ് ചുമതലപ്പെടുത്തിയിട്ടുള്ളതും, പ്രസ്തുത എസ്റ്റിമേറ്റ് പഞ്ചായത്ത് കമ്മറ്റിയിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു

08.04.2025 തീയതി നടന്ന കമ്മീഷൻ സിറ്റിങ്ങിൽ പരാതികക്ഷി ഹാജരായി. എതിർകക്ഷി നാളിതുവരെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റിയിട്ടില്ല എന്ന് കമ്മീഷനെ അറിയിച്ചു .കമ്മീഷൻ പാസാക്കിയ ഉത്തരവ് ഗ്രാമപഞ്ചായത്തോ എതിർകക്ഷിയോ നാളിതുവരെ challenge ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ കമ്മീഷൻ ഉത്തരവ് നടപ്പിലാക്കാനുള്ള ബാധ്യത ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഉണ്ട്. ഈ ഉത്തരവ് ലഭിച്ചു 6 ആഴ്ചയ്ക്കുള്ളിൽ പഞ്ചായത്ത് തുടർന്നുവരുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി പരാതിക്ക് പരിഹാരം ഉണ്ടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊണ്ട് പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ